പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6894 10.07.2014 -ലെ മറുപടിക്ക്

തൊഴിലാളി ക്ഷേമനിധി വിഹിതം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കുന്ന എല്ലാ വീടുകളും കെട്ടിടങ്ങളും തൊഴിലാളി ക്ഷേമനിധിയിലേക്ക് നിശ്ചിത തുക അടയ്ക്കാൻ നിഷ്കർഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര സ്ക്വയർ ഫീറ്റിന് മുകളിലുള്ള വീടുകൾ/ കെട്ടിടങ്ങൾക്കാണ് ഇത് ബാധകം എന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. ബിൽഡിംഗ് സെസ്സ് നിർണ്ണയിക്കുന്നതിന് കെട്ടിടത്തിന്റെ വിസ്തീർണ്ണം (സ്ക്വയർ ഫീറ്റ്) അല്ല ഘടകം. ഒരു കെട്ടിടത്തിന്റെ ആകെ നിർമ്മാണ ചെലവിന്റെ ഒരു ശതമാനം വരുന്ന തുക സെസ്സ് ഇനത്തിൽ ഒടുക്കണമെന്നാണ് നിയമം അനുശാസിക്കുന്നത്. ഒരാൾ സ്വന്തം താമസത്തിന് വേണ്ടി നിർമ്മിക്കുന്ന വീടിന് 10,00,000/- (പത്ത് ലക്ഷം) രൂപയിൽ താഴെ നിർമ്മാണ ചെലവ് വരുന്നവ സെസ്സ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ കച്ചവട, വാണിജ്യാവശ്യത്തിനായി പണിത കെട്ടിടങ്ങൾക്ക് മേൽ ഇളവ് ബാധകമല്ല. |
| (ബി) പണി പൂർത്തിയാക്കുന്ന വീടുകളുടെയും കെട്ടിടങ്ങളുടെയും വിവരം എങ്ങനെയാണ് ക്ഷേമനിധി ബോർഡ് മനസ്സിലാക്കുന്നത് ; | (ബി) സംസ്ഥാന തൊഴിൽ വകുപ്പിൽ ജോലി ചെയ്യുന്ന അസസ്സിംഗ് ഓഫീസർമാർ (ഡെപ്യൂട്ടി ലേബർ ഓഫീസർ/ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-1) ക്കാണ് ഇതിന്റെ ചുമതല. അസസ്സിംഗ് ഓഫീസർമാർ ഓരോ പ്രദേശത്തെയും കെട്ടിട നിർമ്മാണം സംബന്ധിച്ചുള്ള വിവരങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ (പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ) നിന്നോ, ബന്ധപ്പെട്ട ഓഫീസർമാരുടെ ആഫീസിൽ നിന്നോ ആണ് ശേഖരിക്കുന്നത്. |
| (സി) പണി പൂർത്തിയായ വീടുകൾക്കും കെട്ടിടങ്ങൾക്കും ക്ഷേമനിധി ബോർഡ് തുക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; കെട്ടിടത്തിന്റെ ആഡംബര പണികൾക്ക് പ്രത്യേകം തുക ഈടാക്കാറുണ്ടോ ; | (സി) അസസ്സിംഗ് ഓഫീസർമാർ അവർക്ക് സർക്കാർ നിശ്ചയിച്ചു നൽകിയിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടാണ് സെസ്സ് തുക നിർണ്ണയിക്കുന്നത്; കെട്ടിടത്തിന്റെ ആഡംബര പണികൾക്ക് പ്രത്യേകം തുക (അധിക തുക) അസസ്സ് ചെയ്യാറുണ്ട്. |
| (ഡി) ഇത്തരത്തിൽ പിരിച്ചെടുക്കുന്ന പണം എന്തൊക്കെ ആവശ്യത്തിനാണ് ക്ഷേമനിധി ബോർഡ് ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; തൊഴിലിനിടെ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് ഇതിന്റെ വിഹിതം ലഭിക്കാറുണ്ടോ ; എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത | (ഡി) സെസ്സിൽ നിന്നുള്ള വരുമാനം വാർഷിക സ്ഥിര നിക്ഷേപമാക്കി, അതിന്മേലുള്ള പലിശ തുക അംഗങ്ങൾക്ക് ക്ഷേമ പദ്ധതി പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനാണ് ഉപയോഗിക്കുന്നത്. എന്നാൽ ത്രൈമാസ പെൻഷൻ വിതരണത്തിന് പലിശ തികയാത്ത സാഹചര്യത്തിൽ കാലാവധി പൂർത്തിയാക്കിയ സ്ഥിര നിക്ഷേപം |

തുക അപകടത്തിൽപ്പെട്ട തൊഴിലാളികൾക്ക് നല്കാറുള്ളത്;

പിൻവലിച്ച് പ്രസ്തുത തുക വിനിയോഗിക്കുകയും, ബാക്കി വരുന്ന തുക വീണ്ടും സ്ഥിര നിക്ഷേപമാക്കി മാറ്റുകയും ചെയ്യുന്നു. തൊഴിലിനിടെ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു.

(ഇ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര രൂപ ക്ഷേമനിധിയിലേക്ക് ലഭിച്ചു ; കഴിഞ്ഞ വർഷം എത്ര തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ നല്കി ; തൊഴിലാളികൾക്ക് നല്കിയതിന്റെ ബാക്കി പണം എന്താവശ്യത്തിനാണ് ഉപയോഗിച്ചത്; വ്യക്തമാക്കുമോ ?

(ഇ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് 1,45,67,32,949/- (നൂറ്റി നാല്പത്തിയഞ്ച് കോടി അറുപത്തിയേഴ് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി തൊള്ളായിരത്തി നാല്പത്തി ഒൻപത് രൂപ മാത്രം) രൂപ ക്ഷേമനിധിയിലേയ്ക്ക് സെസ്സ് ഇനത്തിൽ ലഭിച്ചു. കഴിഞ്ഞ വർഷം 2,50,826 പേർക്ക് പെൻഷനുൾപ്പെടെ വിവിധ ക്ഷേമ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. തൊഴിലാളികൾക്ക് വിതരണം ചെയ്തതിന്റെ ബാക്കി പണം ബോർഡിന്റെ പേരിൽ സ്ഥിര നിക്ഷേപമാക്കി മാറ്റുന്നു.

സെക്ഷൻ ഓഫീസർ